തീവ്രവേദന അനുഭവപ്പെടുത്തുന്ന
രണ്ട് മരണങ്ങളിലൂടെ കടന്നുപോയി
തീർത്തും സ്വകാര്യമായ
രവീന്ദ്രൻ സ്മരണ പങ്കുവയ്ക്കുന്നു

**സുജ കാഞ്ഞിരപ്പള്ളി**

# ഓരോ അനുഭവങ്ങളും ആശ്ചര്യങ്ങൾ കൊണ്ടുവരുന്നു

**ജീവിതം** അതിന്റെ മാസ്മരികഭാവങ്ങളെ എനിക്കനുഭവവേദ്യമാക്കുന്നത്, ഈയിടെയായി, വിചിത്രമെന്നു തോന്നാവുന്ന ചില യാദൃശ്ചികതകളിലൂടെയാണ്. സന്തോഷത്തിന്റെയോ, സങ്കടത്തിന്റെയോ ആഴമുള്ള മുഹൂർത്തങ്ങളെ ഞാനറിയുന്നത് പലപ്പോഴും വിരുദ്ധമെന്ന് പ്രത്യക്ഷപ്പെടുന്ന ചില മുഹൂർത്തങ്ങളിലൂടെയാവുന്നുണ്ടിപ്പോൾ. തീവ്രവേദനയുടേത് എന്ന് അനുഭവപ്പെടാവുന്ന രണ്ട് ജീവിതസന്ദർഭങ്ങൾ, രണ്ടുമരണങ്ങൾ, പ്രശാന്തിയുടെ ഒരു സമതലത്തിൽ എന്നെ കൊണ്ടുചെന്നെത്തിച്ചെത് എങ്ങനെയെന്ന് പങ്കുവയ്ക്കാനും അതിലുപരി സ്വയം വിശകലനം ചെയ്യാനുമുള്ള ഒരു ശ്രമമാണ് ഈ കുറിപ്പ്.

ആദ്യത്തേത് എന്റെ അപ്പച്ചന്റെ മരണമാണ്. പതിഞ്ചുപതിനാറു വയസ്സിന് മുൻപുള്ള ചിത്രങ്ങളിൽ മാത്രമാണ് അപ്പച്ചന് സ്നേഹത്തിന്റെ മുഖമുള്ളത്. ജോലി കഴിഞ്ഞെത്തുമ്പോൾ പരിപ്പുവടയോ ബോണ്ടയോ കടലാസിൽ പൊതിഞ്ഞുകൊണ്ടുവരുന്ന, രാത്രി മുറ്റത്ത് കസേരയിട്ടിരുന്ന് രണ്ടുപന്തുകളുപയോഗിച്ച്, സൗരയൂഥത്തെപ്പറ്റി പറഞ്ഞുതരുന്ന, കവിതകൾ അക്ഷരശുദ്ധിയോടെ ചൊല്ലുമ്പോൾ 25പൈസ സമ്മാനം തരുന്ന, പോക്കറ്റിലുള്ള ചില്ലറ വാരിയെടുത്ത് കൂട്ടംകൂടിയിരിക്കുന്ന മക്കളുടെ നടുവിലേക്ക് എറിഞ്ഞു കൊടുക്കുന്ന, ചിതറിവീണ നാണയത്തുട്ടുകൾ പെറുക്കിയെടുക്കുന്ന മക്കളെ നോക്കി പുഞ്ചിരിച്ചു നിൽക്കുന്ന, അപ്പച്ചൻ.

ഭാഗംവയ്ക്കലിനോടനുബദ്ധിച്ച് അനിയന്മാരുമായുണ്ടായ വഴക്കുകൾ അപ്പച്ചനെ മറ്റൊരാളാക്കി മാറ്റി. ജീവിതം മറ്റൊന്നായി മാറുകയായിരുന്നു, ഞങ്ങൾ മക്കളുടെയും. സൈക്കിൾ ചവിട്ടി നടന്ന ഇടവഴികളും, മുങ്ങാങ്കുഴിയിട്ട തോടുകളും, ആടുമേയ്ചപറമ്പുകളും, മരംകയറലുകളും, ഊഞ്ഞാലാട്ടങ്ങളും, സ്കൂളിലേക്കും തിരിച്ചുമുള്ള നടപ്പും, സൺഡേസ്കൂളും, പള്ളിയിലെ പാട്ടുസംഘവുമെല്ലാമുപേക്ഷിച്ച്, മറ്റൊരിടത്തേക്ക്, മറ്റൊരുകാലത്തേക്കുള്ള യാത്ര. കരയ്ക്കുപിടിച്ചിട്ട മീനിനെ പോലെ പുതിയ സ്ഥലത്ത് പിടയുമ്പോഴും വിദ്യാഭ്യാസം, ഹോസ്റ്റൽജീവിതം, എന്നൊക്കെ അതിന് വേറെ തലങ്ങളുണ്ടാവുന്നുണ്ട്, മക്കൾക്ക്. മക്കൾക്കുവേണ്ടി മാത്രമായതിനാൽ, മറ്റുബാഹ്യതകൾ ഒന്നുമില്ലാതിരുന്ന അമ്മച്ചിക്ക് മാറ്റമൊന്നും ഉണ്ടായിരുന്നില്ല, അല്ലെങ്കിൽ അതറിയുന്നില്ല മറ്റാരും.

ജനിച്ച ഇടത്തിൽ നിന്ന്, ആഴത്തിലോടിയ വേരുകളിൽ നിന്നുള്ള ഈ പറിച്ചെടുക്കലിന്റെ വേദനയെ, ശൂന്യതയെ അപ്പച്ചൻ മദ്യം കൊണ്ട് പ്രതിരോധിച്ചു. പ്രീഡിഗ്രിക്കാലത്താണ്, മദ്യപിച്ച അപ്പച്ചനെ ആദ്യമായി കാണുന്നത്. കുരുമുളകിട്ടുമൂപ്പിച്ച നല്ലെണ്ണ പുരട്ടി മുറ്റത്തുലാത്തുന്ന, ഉപ്പുനീരൊഴിച്ച ഉമിക്കരിയും കയ്യിലെടുത്ത് തോട്ടിലേക്ക് പോകുന്ന, മുളങ്കോർമ്പലിൽ വരാലിനെയും കൊണ്ടെത്തുന്ന, തടിച്ച കണക്കുബുക്കിലെ ഏതു വലിയ കണക്കും മിനിറ്റുകൾകൊണ്ട് ചെയ്തെടുക്കുന്ന ആ അപ്പച്ചൻ പിന്നീടൊരിക്കലും തിരിച്ചുവന്നില്ല. മദ്യത്തിന്റെ വിക്രിയകളിലേക്ക് സ്വയം നഷ്ടപ്പെട്ട ആ കുറ്റബോധം നീറ്റുന്ന മുഖമുള്ള അപ്പച്ചൻ, പിന്നീട് രോഗംവന്ന് ക്ഷീണിതനായ അപ്പച്ചനും, മാത്രമായിരുന്നു ഓർമ്മകളിൽ.

കഴിഞ്ഞ ജൂൺ9ന് ഒരുപാട് വെള്ളപൂക്കൾ കൊണ്ടലങ്കരിക്കപ്പെട്ട്, നിശ്ചലനായി കിടക്കുമ്പോൾ അപ്പച്ചന്റെ മുഖം പണ്ടത്തെ അപ്പച്ചന്റെതായിരുന്നു. ആ മുറ്റത്തും പന്തലിലുമെല്ലാം പുനർജ്ജനിച്ചതും പഴയ അപ്പച്ചന്റെ നിറസാന്നിദ്ധ്യം. കാൽനൂറ്റാണ്ടുമുമ്പുള്ള ആ പഴയകാലം, പഴയ അപ്പച്ചനെ യാത്രയാക്കാനെത്തി. എന്റെ സഹോദരങ്ങൾക്ക്, മറ്റുള്ള ആർക്കെങ്കിലും ആ അനുഭവമെന്തായിരുന്നെന്ന് എനിക്കറിയില്ല. പക്ഷെ ഞാനവിടെ 15വയസ്സായ ഒരു കൊച്ചുപെൺകുട്ടിയായി മാറി. കാഞ്ഞിരപ്പള്ളി ഇടവകയുടെ മുഴുവൻ ഇടവഴികളിലൂടെയും ഒറ്റയ്ക്ക് സൈക്കിൾ ചവിട്ടി നടന്ന പെൺകുട്ടിയെ, സ്നേഹപൂർവ്വമുള്ള ആലിംഗനങ്ങൾ പൊതിയുന്നുണ്ടായിരുന്നു. ഒപ്പം പഠിച്ചവർ, പഠിപ്പിച്ചവർ, സൺഡേസ്ക്കൂളിലും പാട്ടുസംഘത്തിലുമുണ്ടായിരുന്നവർ, അയൽക്കാർ, സ്നേഹിക്കപ്പെട്ടിരുന്നവൾ എന്ന് അനുഭവം. എവിടെയായിരിക്കും, എന്തുചെയ്യുകയായിരിക്കും, എന്ന് ഇടക്കിടെ ഓർക്കാറുണ്ട്, നിന്നെക്കുറിച്ച്എന്ന വാക്കുകൾ വല്ലാതെ സ്പർശിച്ചു, സാന്ത്വനിപ്പിച്ചു, അന്ന്.

ഇപ്പോൾ ഇവിടെയിതാ, അപ്പച്ചന്റെ മരണം ഒരു മാസം പിന്നിടുമ്പോൾ കൃത്യം അതേ വാക്കുകളുടെ, അനുഭവങ്ങളുടെ ആവർത്തനം. രവിയേട്ടനെ മരണം കൊണ്ടുപോയ ദിവസം, അതേ അകളങ്കിത സ്നേഹത്തിന്റെ ചേർത്തിണക്കലുകൾ, എനിക്ക്.

രവിയേട്ടനെ ഞാൻ പരിചയപ്പെടുന്നത് യൗവ്വനനാളുകളിലാണ്. ബാല്യത്തോളം നിഷ്ക്കളങ്കമല്ലെങ്കിലും മണ്ടത്തരം വിട്ടുപോയിട്ടില്ലാത്ത ഒരുവളായിരുന്നു അന്നും (ഇന്നും) ഞാൻ. ഇതാ രവിയുടെ മാനസപുത്രിയെന്ന് രവിയേട്ടന്റെ കൂട്ടുകാർ എന്നെ പരിചയപ്പെടുത്തുന്നിടത്തോളം അടുപ്പമുണ്ടായിട്ടുണ്ട്, ആ ബന്ധത്തിന്.



രവിയേട്ടൻ, എന്തായിരുന്നുവോ, അത് രവിയേട്ടന്റെ ഹൃദയമായിരുന്നു, തലച്ചോറായിരുന്നില്ല. വൈകാരികതയുടെ നേർപകർത്തലുകളായിരുന്നു രവിയേട്ടന്റെ പെരുമാറ്റങ്ങൾ. ബുദ്ധിപരമായ ഇടപെടലുകൾ എന്നത് രവിയേട്ടനെ സംബന്ധിച്ച് ഒരശ്ലീല പ്രയോഗമാവും. അത്രമേൽ പച്ചയായിരുന്നു രവിയേട്ടൻ. മകളായോ കൂട്ടുകാരിയായോ കുറച്ചു കൂടി വേണം നിന്നെയെനിക്ക് എന്ന് ചെറിയ കുട്ടിയെ പോലെ വാശി പിടിക്കുകയും പിണങ്ങുകയും ചെയ്യുമായിരുന്ന രവിയേട്ടൻ. കലാബന്ധത്തിന്റെ ഭൗതിക സാന്നിദ്ധ്യ സാമീപ്യങ്ങളിൽ അകൽച്ച കൊണ്ടുവന്നപ്പോഴും, ഏറ്റവും നിഷ്കളങ്കമായ, പ്രസാദാത്മകമായ ഓർമ്മകളിലൊന്നായി ഹൃദയത്തിൽ സജീവമായി സൂക്ഷിച്ചു വെച്ചിരുന്നു, ഞാനാ ദിവസങ്ങൾ.

ഓർമ്മകൾ അനുഭവങ്ങളായി പുനർജനിച്ചു, അന്നും. രവിയേട്ടന്റെ കൂടെയുണ്ടായിരുന്നവർ. ഒത്തിരി സംസാരിച്ചൊന്നുമില്ല ആരും, പക്ഷെ അവരുടെ കണ്ണുകളിലെ ആ വാത്സല്യഭാവം അന്നത്തെ ആ പെൺകുട്ടിയോടുള്ളതു തന്നെയായിരുന്നു. കാലത്തിലൂടെ ഏതാണ്ട് കാൽനൂറ്റാണ്ട് പിന്നോട്ട് പോയുള്ള രണ്ടു കണ്ടുമുട്ടലുകൾ, രണ്ട് മരണങ്ങളിലൂടെ.

അമ്മച്ചി നേരത്തെതന്നെ യാത്ര പൂർത്തിയാക്കിയിരുന്നതുകൊണ്ട് അപ്പച്ചന്റെ മരണത്തോടെ വീടെന്നത് ഒരു തണുത്ത ഇടമാകുന്നു എന്ന അനാഥത്വം പിറവിയെടുക്കപ്പെടുന്ന നിമിഷങ്ങളിൽ, സ്നേഹിക്കപ്പെട്ട, തുടിപ്പാർന്ന ബാല്യത്തിന്റെ സനാഥത്വം അറിയുകയായിരുന്നു ഞാൻ. കാപട്യമില്ലാത്ത ഒരു കാലഘട്ടത്തിന്റെ അവസാനമാണ് കലയുടെ ലോകത്ത് എന്ന ശൂന്യതയുടെ നേരങ്ങളിൽ, ഊഷ്മളമായ യൗവ്വനത്തിന്റെ നിറവനുഭവത്തിലായിരുന്നു ഞാൻ. നിഷ്കളങ്കത തേടുന്നവർ, ആഗ്രഹിക്കുന്നവർ അതിന്റെ മൂല്യമറിയുന്നവർ ഇന്നുമുണ്ടെന്ന് എന്നെ സാന്ത്വനിപ്പിച്ചു ഈ രണ്ടു വിയോഗങ്ങൾ സ്വയം.

പ്രകൃതിയുടെ അനന്യമായ സന്തുലനം കാക്കലിന്റെ ഉദാഹരണങ്ങളായി ഈ അനുഭവങ്ങളെ മനസ്സിലാക്കുകയാണ് ഞാൻ. അഗ്രാഹ്യമായ ആ ചലനങ്ങളിലേക്ക് സ്വയം വിട്ടുകൊടുക്കാനുള്ള വിനയത്തിനും നിഷ്കളങ്കതയ്ക്കും വേണ്ടി പ്രാർത്ഥിക്കുകയും.

**രവിയേട്ടൻ, എന്തായിരുന്നുവോ, അത് രവിയേട്ടന്റെ ഹൃദയമായിരുന്നു, തലച്ചോറായിരുന്നില്ല. വൈകാരികതയുടെ നേർപകർത്തലുകളായിരുന്നു രവിയേട്ടന്റെ പെരുമാറ്റങ്ങൾ. ബുദ്ധിപരമായ ഇടപെടലുകൾ എന്നത് രവിയേട്ടനെ സംബന്ധിച്ച് ഒരശ്ലീല പ്രയോഗമാവും.**